# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 മാർച്ച് 26**

---

## എം.ജി. സർവ്വകലാശാല ഇന്നൊവേഷൻ ഫെസ്റ്റ്: നൂതനാശയങ്ങളുമായി ക്യാമ്പസ് സ്റ്റാർട്ടപ്പുകൾ

*മഹാത്മാഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) സംഘടിപ്പിച്ച 'ക്യാമ്പസ് ഇന്നൊവേഷൻ ഫെസ്റ്റ് 2026' സമാപിച്ചു. മാർച്ച് 23, 24 തീയതികളിൽ നടന്ന ഫെസ്റ്റിൽ വിവിധ കലാലയങ്ങളിൽ നിന്നുള്ള 26 ടീമുകൾ തങ്ങളുടെ നൂതനാശയങ്ങൾ അവതരിപ്പിച്ചു. സസ്റ്റൈനബിലിറ്റി, അഗ്രിടെക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഹെൽത്ത് ടെക്, എഡ്ടെക് എന്നീ അഞ്ച് പ്രധാന മേഖലകളിലായി 120-ലേറെ പ്രതിഭകളാണ് പരിപാടിയിൽ പങ്കെടുത്തത്.*

*സർവകലാശാല രജിസ്ട്രാർ പ്രൊഫ.ഡോ.ബിസ്മി ഗോപാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. ബി.ഐ.ഐ.സി ഡയറക്ടർ പ്രൊഫ.ഡോ.രാധാകൃഷ്ണൻ ഇ.കെ. സ്വാഗതവും, ഗവേഷണ വിഭാഗം ഡയറക്ടർ പ്രൊഫ.ഡോ.ജയചന്ദ്രൻ കെ. ആശംസകളും നേർന്നു. ഏറ്റവും കൂടുതൽ നൂതനാശയങ്ങൾ സമർപ്പിച്ച എം.ജി. സർവകലാശാലയുടെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സും (SAIR), തൊടുപുഴ ന്യൂമാൻ കോളേജും 'BIIC ഇൻസ്റ്റിറ്റ്യൂഷണൽ ഇന്നൊവേഷൻ ലീഡർഷിപ്പ് അവാർഡ് 2026' കരസ്ഥമാക്കി.*

*വിദ്യാർത്ഥികളുടെ ആശയങ്ങളെ സ്റ്റാർട്ടപ്പുകളാക്കി മാറ്റുന്നതിനും വിദഗ്ധോപദേശം നൽകുന്നതിനുമുള്ള മികച്ച വേദിയായി ഫെസ്റ്റ് മാറി. ഓരോ വിഭാഗത്തിലും വിജയികളാകുന്ന ടീമുകൾക്ക് സ്റ്റാർട്ടപ്പ് രജിസ്ട്രേഷനുള്ള സാമ്പത്തിക സഹായവും ബി.ഐ.ഐ.സിയുടെ ഇൻക്യൂബേഷൻ പിന്തുണയും ഇന്നൊവേഷൻ അവാർഡും നൽകുമെന്ന് സംഘാടകർ അറിയിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളെ സംരംഭകരാക്കി മാറ്റുന്ന എം.ജി.യു മോഡൽ ശ്രദ്ധേയമായ മാതൃകയാണെന്നും വിലയിരുത്തപ്പെട്ടു.*

*(പി.ആർ.ഓ/39/274/2026)*

## എം.ജിയിൽ ഇമ്മാനുവൽ വാലസ്റ്റൈൻ അനുസ്മരണ പ്രഭാഷണം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷന്റെ ആഭിമുഖ്യത്തിൽ 2026 ലെ ഇമ്മാനുവൽ വാലസ്റ്റൈൻ അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു. ''ഭരണകൂടത്തിന്റെ പുതിയ മേലങ്കികൾ: ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാമ്രാജ്യത്വ വ്യാമോഹങ്ങൾ'' എന്ന വിഷയത്തിൽ ബിംഗാംടൺ സർവകലാശാലയിലെ (സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്ക്) സോഷ്യോളജി വിഭാഗം എമിരിറ്റസ് പ്രൊഫസറും ഇമ്മാനുവൽ വാലസ്റ്റൈന്റെ ദീർഘകാല സഹപ്രവർത്തകനുമായ പ്രൊഫസർ രവി അരവിന്ദ് പാലാട്ട് മുഖ്യപ്രഭാഷണം നടത്തി.*

*കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലറും കെ.സി.എച്ച്.ആർ* (KCHR) *മുൻ ചെയർമാനുമായ പ്രൊഫ. മൈക്കൽ തരകൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ അദ്ദേഹം രചിച്ച് പ്രസക്തി ബുക്സ് പ്രസിദ്ധീകരിക്കുന്ന 'തിരുത്തിയെഴുതിയ പാഠങ്ങൾ' എന്ന പുസ്തകം പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി. ഉണ്ണി പ്രകാശനം ചെയ്തു. സെന്റർ ഡയറക്ടർ പ്രൊഫ.ഡോ.കെ.എം.സീതി, ഡോ.അനിൽ ഗോപി എന്നിവർ സംസാരിച്ചു.*

*(പി.ആർ.ഒ/39/275/2026)*

## സർട്ടിഫിക്കറ്റ് കോഴ്സ്

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.*

*സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ അപ്ലൈഡ് ക്രിമിനോളജി ആൻഡ് സൈബർ ഫോറൻസിക്ക് (ഓൺലൈൻ)*

*യോഗ്യത- പ്ലസ് ടൂ അല്ലെങ്കിൽ പ്രീഡിഗ്രി. കോഴ്സ് ഫീസ് 5200.*

*ഡിപ്ലോമ കോഴ്സ് ഇൻ യോഗിക് സയൻസ്.*

*യോഗ്യത- ഈ വകുപ്പ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗിക്ക് സയൻസ് പാസായിരിക്കണം. കോഴ്സ് ഫീസ് 8300.*

*വിശദ വിവരങ്ങൾക്ക് ഫോൺ – 0481-2733399, 08301000560*

*(പി.ആർ.ഓ/39/276/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെയും സിപാസിലെയും രണ്ടാം സെമസ്റ്റർ ബി.എഡ് (സിഎസ്എസ്) (ദ്വിവത്സര-2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2022 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2020 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷകൾ ജൂൺ ഒന്നു മുതൽ നടക്കും. ഏപ്രിൽ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ 22 വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 23 വരെയും അപേക്ഷ സ്വീകരിക്കും.*

............................

*ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ ലാംഗ്വേജ് (ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് (കെമിസ്ട്രി/സ്റ്റാറ്റിസ്റ്റിക്സ്/ഫിസിക്സ്), ഇന്റഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്,ഡേറ്റാ സയൻസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) ഏപ്രിൽ 2026 പരീക്ഷകൾക്ക് ഏപ്രിൽ ആറു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ ഏഴു വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 13 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഓ/39/277/2026)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ പൊളിറ്റിക്കൽ സയൻസ്, എംഎ തമിഴ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒമ്പതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

............................

*ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ (പിജിസിഎസ്എസ്) എംഎ ഇംഗ്ലീഷ് (2012 മുതൽ 2014 വരെ അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

............................

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി കമ്പ്യൂട്ടർ സയൻസ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒമ്പതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി ബയോടെക്നോളജി (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒമ്പതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................

*മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ ലാംഗേജ് (ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് (കെമിസ്ട്രി/സ്റ്റാറ്റിസ്റ്റിക്സ്/ഫിസിക്സ്), ഇന്റഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്,ഡേറ്റാ സയൻസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് (2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷൻ സപ്ലിമെന്ററി, 2019 മുതൽ 2021 വരെ  അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 10 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സിറിയക് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 10 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................

*ഒന്നും മൂന്നും സെമസ്റ്റർ എംഎസ്.സി അനലിറ്റിക്കൽ കെമിസ്ട്രി (2004 മുതൽ 2011 വരെ അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 10 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/278/2026)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എം.കോം (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷകൾ ഏപ്രിൽ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/279/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**